DESPATCHED On. 15/06/2020

12/05/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1367(*2*)/*2017*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.7116/എസ്.ഐ.സി-ജി 6/17

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.മുരളീധരൻ.പി.കെ**
**പട്ടരുക്കടവിൽ**
**കോനേരി റോഡ്**
**വടുതല, കൊച്ചി-682023** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷൻ**
   **എറണാകുളം കൊച്ചി-682018**

2. **അപ്പീൽ അധികാരി**
   **എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷൻ**
   **എറണാകുളം കൊച്ചി-682018**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.03.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 17.04.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 15.05.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.05.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 24.05.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.02.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07.03.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02.03.2020, ബാങ്കറ്റ് ഹാൾ ഗസ്റ്റ് ഹൗസ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും മറുപടി ലഭിച്ചില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 14.03.2017–ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഷൺമുഖപുരം സഹകരണബാങ്ക്, സി.എസ്.511 പച്ചാളം കൊച്ചി 12 ന്റെ പ്രസിഡന്റ്, സെക്രട്ടറി ഇൻ ചാർജ് എന്നിവർ സംയുക്തമായി 07.06.2016 ൽ അനിത പി.ബി പത്മാലയം, മാടവനത്താഴം, എസ്.ആർ.എം റോഡ്, പച്ചാളം കൊച്ചി 12 എന്നയാൾക്കെതിരായി ഒരു പരാതി ഇ.റ്റി നോർത്ത് പോലീസ് സ്റ്റേഷനിൽ സമർപ്പിച്ചുവെന്നും, ബാങ്കിന്റെ റേഷൻകടയിലെ തട്ടിപ്പിനെക്കുറിച്ചായിരുന്നു പരാതിയെന്നും ടി പരാതിയുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും പോലീസ് സ്വീകരിക്കാതിരുന്നതെന്തുകൊണ്ടെന്നും ടി പരാതിയിലെന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകണമെന്നും ടി പരാതികൂടാതെ മറ്റെന്തെങ്കിലും പരാതി സ്റ്റേഷനിൽ നൽകിയിട്ടുണ്ടോയെന്നും ആയതിന്റെ പകർപ്പ് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി നൽകിയില്ലെന്നു കാണിച്ച് ഹർജിക്കാരൻ 17.04.2017– ൽ അപ്പീൽ നൽകുകയും 15.05.2017 ന് അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു. ആയതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ മറുപടി നൽകിയെന്നും ടി മറുപടിയുടെ പകർപ്പ് നൽകുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ മറുപടി നൽകിയത് അപ്പീൽ സമയത്താണെന്നും, സമയബന്ധിതമായിട്ടല്ലെന്നും കമ്മീഷന് ബോധ്യപ്പെടുകയും ആയതു വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണെന്നു വിലയിരുത്തുകയും, ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയി

ല്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 മേയ് 12–ാം തീയതി തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

res